# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6348 08.11.2016-ന് മറുപടിക്ക്**

## കസ്തൂരി രംഗൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീ. സി. കെ. ശശീന്ദ്രൻ**<br>**ശ്രീ.കെ. ബാബു**<br>**ശ്രീ.എസ്.രാജേന്ദ്രൻ :** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പശ്ചിമഘട്ടത്തിൽ ഉൾപ്പെടുന്ന കേരളത്തിലെ *123* വില്ലേജുകളിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിലെ 123 വില്ലേജുകളിലെ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോലമായി (ESA) കസ്തൂരിരംഗൻ കമ്മിറ്റി കണക്കാക്കിയിരുന്നു. സംസ്ഥാന സർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോമീറ്റർ ആയി നിജപ്പെടുത്തുകയും ആയത് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമില്ലായെന്ന് കണ്ടെത്തിയ 4 വില്ലേജുകളെ കൂടി പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതി-ലോലമായി നിജപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിസർവ് വനം, സംരക്ഷിത പ്രദേശം, ലോക പൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമേ ESA ആയി പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ പരിസ്ഥിതിലോല മേഖലയെ സംബന്ധിച്ച് ഉമ്മൻ.വി.ഉമ്മൻ തയ്യാറാക്കിയ റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (ബി) | അംഗീകരിച്ചതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല. |
| (സി) | കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിൽ സംഭവിച്ച പിശകുകൾ തിരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (സി) | ഇ.എസ്.എ യുടെ വ്യാപ്തി 13108 ച.കി.മി യിൽ നിന്ന് 3114.3 ച.കി.മി കൃഷിസ്ഥലം, വാസസ്ഥലം, പ്ലാന്റേഷൻ ഒഴിവാക്കി 9993.7 ച.കി.മി ആയി ക്രമപ്പെടുത്തി. |
| (ഡി) | സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശങ്ങൾ ഏതൊക്കെ വില്ലേജുകളിലെ എത്ര ചതുരശ്ര കിലോമീറ്റർ പ്രദേശം എന്നതു സംബന്ധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**